# സഹായി വാർത്ത പത്രിക

## CHASS HELP DESK NEWS BULLETIN

**വെള്ളപ്പൊക്ക ദുരിതാശ്വാസം: പ്രത്യേക പതിപ്പ്**

Vol. No. 06 September 17th, 2018

# CHASS

Official Organization of the Archeparchy of
Changanacherry for Social Apostolate

# ആമുഖം

വെള്ളപ്പൊക്ക കെടിതുകളിൽ നിന്നും കരകയറുവാനുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണല്ലോ. പലതലങ്ങളിലായി അനേകരുടെ സഹായസഹകരണത്തോടെ ചങ്ങനാശ്ശേരി അതിരൂപത യുടെയും ചാസ്സിന്റെയും നേതൃത്വത്തിൽ ഏകോപനത്തിലും, കേരള സർക്കാറിന്റെ റവന്യു മുതലായ മററ് വകു പ്പുകളുമായും ഏകോപിപ്പിച്ചാണ് നിലവിൽ ആശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ചാസ്സിന്റെ യൂണിറ്റ്/ഇട വകതലങ്ങളിലുള്ള ഹെൽപ്പ് ഡസ്ക് ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ ദുരിതാശ്വാസ/പുനർനിർമ്മാണ പ്രവർത്ത നങ്ങളുടെ അവലോകനം നടത്തപ്പെട്ടു ടി യോഗത്തിൽ ലഭിച്ച നിർദ്ദേശങ്ങളും ആശയങ്ങളും ഇതോടൊപ്പം ലഭ്യമാ ക്കുന്നു. അടിയന്തിരമായി നിർവഹിക്കേണ്ടതും, ദീർഘകാല അടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുമായ സുപ്ര ധാന കാര്യങ്ങളാണ് ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്.

കേരളസർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ ലഭിക്കുന്നതിനായി പൂരിപ്പിച്ചു നൽകേണ്ട മാതൃകാ അപേക്ഷാ ഫോറങ്ങൾ ഇതൊടൊപ്പം ലഭ്യമാക്കുന്നു.

1. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി.
2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായിട്ടുള്ള അപേക്ഷാഫോറം.
3. കൃഷിനാശം സംഭവിച്ചവർ പൂരിപ്പിച്ചു കൃഷി ഓഫീസർക്കു നൽകേണ്ട അപേക്ഷ.
4. കേരളസർക്കാർ കൃഷിനശ്ടപരിഹാരം നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ളതും, നിലവിൽ ബാധക മായതും, പുതുക്കി നിർണ്ണയിച്ചിട്ടുള്ളതുമായ നിരക്കുകൾ.

**ദുരന്ത നിവാരണ (എ) വകുപ്പ് –** മഴക്കെടുതി- മൂലമുണ്ടായ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനായി പുറ പ്പെടുവിച്ച ഉത്തരവിന്റെ പ്രസക്ത ഭാഗങ്ങളും ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

കേരളമുഖ്യമന്ത്രി പുറപ്പെടുവിക്കുന്ന അടിയന്തിര പത്രക്കുറിപ്പുകളുടെ പ്രസ്കത ഭാഗങ്ങളിലെ നിർദ്ദേശങ്ങൾ മൂന്നി നങ്ങളിലായി ഇതോടൊപ്പം നൽകുകയാണ് : -

1. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട ചെറുകിട കർഷകരെ സഹായിക്കുന്നതിന്.
2. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 1 ലക്ഷം രൂപവരെ ബാങ്ക് വായ്പ, പലിശ സർക്കാർ വഹിക്കും.
3. നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കാൻ ചെയ്യേണ്ട നടപടിക്രമങ്ങൾ.
4. കൃഷിനാശം സംഭവിച്ചവർ നഷ്ടപരിഹാരത്തിനായി സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച് കൃഷി മന്ത്രിയുടെ നിർദ്ദേശങ്ങൾ.
5. പ്രളയക്കെടുതി നേരിട്ട സ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ ജനങ്ങൾ പാലിക്കേണ്ട ആരോഗ്യ ജാഗ്രതാ നിർദ്ദേശങ്ങൾ.

ചാസ്സിന്റെ ആഭിമുഖ്യത്തിൽ, വെള്ളപ്പൊക്കംമൂലം കുട്ടനാടൻ മേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ വിവര ശേഖരണം നടത്തി വരികയാണ്. ധനസഹായം ലഭിക്കുന്നതിനായിട്ടുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനു വേണ്ടിയും സ്ഥിതിവിവര കണക്ക് ശേഖരണം ആരംഭിച്ചിരിക്കുകയാണ്. നിർദ്ദിഷ്ട വിവരങ്ങൾ ശേഖരിച്ച് ലഭ്യമാ ക്കേണ്ടതിനായിട്ടുള്ള 2 ഫോർമാറ്റുകൾ ഇതൊടൊപ്പം നൽകിയിട്ടുണ്ട്.

വെള്ളപ്പൊക്ക-മഴക്കെടുതിയുടെ നാശനഷ്ടങ്ങൾ ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ട 27 ഗ്രാമപഞ്ചായത്തുക ളിൽ ഉൾപ്പെടുന്ന 90 ഇടവകകളുടെ ലിസ്റ്റും ഇതൊടൊപ്പം പ്രസിദ്ധപ്പെടുത്തുന്നു. മേൽപ്രദേശങ്ങളിൽ അർഹരായ വ്യക്തികളേയും കുടുംബങ്ങളേയും കണ്ടെത്തി നിശ്ചിത ഫോർമാറ്റുകളിൽ അപേക്ഷകൾ തയ്യാറാക്കി അധികാരി കൾക്കു നൽകണമെന്ന് ഓർമ്മപ്പെടുത്തുകയാണ്.

കുട്ടനാടിന്റെ പുനർനിർമ്മാണത്തിനുവണ്ടി ചങ്ങനാശ്ശേരി അതിരൂപത തയ്യാറാക്കിയ 100 കോടി പദ്ധതിയുടെ വിശദാംശങ്ങളും പ്രവർത്തനങ്ങളും അടങ്ങുന്ന ദീപിക ദിനപത്രത്തിലെ 6-09-2018 ലെ വാർത്തയുടെ പ്രസക്ത ഭാഗം ഇതോടൊപ്പം നൽകിയിട്ടുണ്ട്.

ചാസ്സിന്റെ ഹെൽപ്പ്ഡസ്ക് പ്രവർത്തകരും ഭാരവാഹികളും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളായ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ, താലൂക്ക് - വില്ലേജ്, കൃഷി, ചെറുകിട വ്യവസായം മൃഗസംരക്ഷണം, ചെറുകിട ജലസേചനം, ആരോഗ്യപരിപാലനം മുതലായ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി നിരന്തരം ആശയവിനി മയം നടത്തി പ്രവർത്തനങ്ങൾ മാതൃകാപരമായി എല്ലാവിധ ഏകോപനങ്ങളോടെ നിർവ്വഹിക്കണമെന്ന് വിനീത മായി അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ, ചാസ്സ്)

**ഡോ. ജോസഫ് എബ്രഹാം**
(കോർഡിനേറ്റർ, ഹെൽപ്പ്ഡസ്ക്)

**01-09-2018**

# വെള്ളപ്പൊക്ക ദുരിതാശ്വാസ അവലോകന ഹെൽപ്പ് ഡെസ്ക്ക് മീറ്റിംഗ് മിനിറ്റ്സ്

വേദി: **സന്ദേശനിലയം** സമയം: **10.30**

ചാസ് യൂണിറ്റ്/ഇടവക തലത്തിലുള്ള ഹെൽപ്പ് ഡെസ്ക്കിന്റെ ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ വെള്ളപ്പൊക്കദുരിതാശ്വാസപ്രവർത്തനങ്ങളുടെ അവലോകനയോഗം നടത്തി. ഫാ. ജോസഫ് കളരിക്കൽ വെള്ളപ്പൊക്കെടുതിയിൽനിന്നും ജനങ്ങളെ കരകയറ്റുവാൻ ചാസിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നാളിതുവരെനടത്തിയതും ഭാവിയിൽ ഏറ്റെടുത്ത് ചെയ്യേണ്ടതുമായ പ്രവർത്തനങ്ങൾ വിശദീകരിച്ചു. നിലവിൽ 90 ഇടവകകളിലെ ജനങ്ങൾ വെള്ളപ്പൊക്ക കെടുതിയിൽ കഷ്ടതയനുഭവിക്കുന്നുണ്ട്. പ്രളയദുരിതബാധിത പ്രദേശങ്ങൾ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലാണ് ഉൾപ്പെടുന്നതെന്നുള്ള വിശദാംശങ്ങൾ നൽകി.

**തുടർന്ന് അടിയന്തിരമായി നിർവഹിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ അച്ചൻ വിശദീകരിച്ചു**

1. രേഖകൾ നഷ്ടപ്പെട്ടതിന്റെ കോപ്പികൾ ലഭ്യമാക്കുന്നതിനായി സർക്കാർ നിലവിൽ നടപ്പിലാക്കുന്ന സംവിധാനവുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

2. ചാസ് ഹെൽപ്പ് ഡെസ്ക്ക് വോളണ്ടിയർമാർ വെള്ളപ്പൊക്കദുരിതാശ്വത്തിനായി കേരളാ ഗവ. നിലവിൽ നടപ്പിലാക്കിവരുന്ന ബന്ധപ്പെട്ട പ്രോഗ്രാമുകളുടെ പ്രയോജനം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് എത്തിച്ചുനൽകുവാൻ ത്വരതഗതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്.

3. നിർദ്ദിഷ്ട സഹായം ലഭിക്കുന്നതിനായിട്ടുള്ള മൂന്ന് വ്യത്യസ്ത അപേക്ഷാ ഫോമുകൾ വിതരണം ചെയ്തു.

3.1. കൃഷി നാശം സംഭവിച്ചവർ പൂരിപ്പിച്ച് നൽകേണ്ട അപേക്ഷ

3.2. മഴക്കെടുതി ദുരിതാശ്വാസം ലഭിക്കേണ്ടതിന് നൽകേണ്ട അപേക്ഷ

3.3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ.

3.4. പ്രളയജലം കെട്ടിനിന്ന വീടുകൾ വൃത്തിയാക്കാൻ അനുവദിച്ചിട്ടുള്ള 10000/- രൂപ ലഭിക്കുവാൻ അർഹതപ്പെട്ടവ്യക്തികൾ വില്ലേജ് ആഫീസർക്ക് വെള്ളപേപ്പറിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4 കുട്ടനാടൻ മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിവരശേഖരണം ചാസിന്റെ നേതൃത്വത്തിൽ നടത്തുന്നതിനുവേണ്ടിയുള്ള രണ്ട് പ്രത്യേക ഫോമുകൾ പൂരിപ്പിക്കേണ്ടവിധം യോഗത്തിൽ അച്ചൻ വിശദീകരിച്ചു.

4.1. നിർദ്ദിഷ്ട ഫോർമാറ്റിൽ വിശദാംശങ്ങൾ അതാത് ഇടവകതലത്തിൽ ശേഖരിച്ച് സെപ്റ്റംബർ 7-ാം തീയതിക്കുമുമ്പായി നൽകണമെന്ന് അറിയിച്ചു. ഇപ്രകാരം വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ അർഹതപ്പെട്ട മറ്റ് സമുദായങ്ങളിലെ അംഗങ്ങളെയും ഉൾപ്പെടുത്തേണ്ടതാകുന്നു.

4.2. മേൽപ്രകാരം തയ്യാറാക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കേണ്ട കുടുംബങ്ങ

ളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്.

4.2. സെപ്റ്റംബർ 7 നു മുമ്പായി രൂപതയിലെ അച്ചന്മാരുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ഏകോപന അവലോകനയോഗം ചേരുന്നതാണ്. അതിനുശേഷം നടത്തപ്പെടുന്ന ഗ്രാമപഞ്ചായത്തുതല നടത്തിപ്പ് അവലോകന മീറ്റിംഗുകളിൽ അതത് യൂണിറ്റുകളിലെ ഹെൽപ്പ് ഡെസ്ക്ക് അംഗങ്ങൾ പങ്കെടുത്ത് ഭാവിപ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാകുന്നു.

**യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ നൽകിയ ഏതാനും സുപ്രധാന നിർദ്ദേശങ്ങൾ :**

1. താറുമാറായ റോഡുകൾ പുന:രുദ്ധരിക്കാൻ വേണ്ട നിവേദനങ്ങൾ അതിരൂപതാതലത്തിൽ എംഎൽഎ/എം.പി. മാർക്ക് നൽകുക.
2. കുടിവെള്ളം ലഭ്യമാക്കാൻ പോർട്ടബിൾ വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് അടിയന്തിരമായി ശുദ്ധജലം ലഭ്യമാക്കണം.
3. പുതിയ മഴവെള്ള സംഭരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനോടൊപ്പം നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംഭരണികൾ പുനരുദ്ധരിക്കാൻ ശ്രമിക്കുക.
4. കന്നുകാലി സംരക്ഷണത്തിനായി വൈക്കോലും മരുന്നു ലഭ്യമാക്കേണ്ടതാണ്. വെറ്റിനറി ഓഫീസ് സന്ദർശിച്ച് സേവനങ്ങൾ അർഹതപ്പെട്ടവർത്ത് ലഭ്യമാക്കുവാൻ വോളണ്ടിയേഴ്സ് മുൻകൈയെടുക്കേണ്ടതാകുന്നു.
5. വെള്ളപ്പൊക്ക ദുരിതാശ്വാസ കെടുതികൾ ഇല്ലാത്ത ഇടവകകൾ കെടുതിയിൽ ഉൾപ്പെട്ട ഇടവകകളെ ദത്തെടുക്കാവുന്നതാണ്.
6. തമസ്ക്കരിക്കപ്പെട്ടിരിക്കുന്ന കുട്ടനാട് വികസന പ്രോജക്ട് പുനരുജ്ജീവിപ്പിക്കേണ്ടതാണ്.
7. ഹെൽപ്പ് കുട്ടനാട് വികസന പ്രോജക്ട് രൂപം കൊള്ളേണ്ടതുണ്ട്.
8. 2.09.2018 ൽ പള്ളിക്കൂട്ടുമ്മ പള്ളി അങ്കണത്തിൽ വച്ച് ഒരു പ്രാദേശികതല അവലോകനയോഗം പ്രത്യേകം ചേരുന്നതാണ്.

ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനം കോ-ഓർഡിനേറ്റുചെയ്യുന്ന ഡോ. ജോസഫ് അബ്രഹാമിനെ, ഇതു സംബന്ധിച്ച് സംശയനിവാരണത്തിനായി വിളിക്കേണ്ട നംബർ 8130588803, 9446384836.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. സോണി കണ്ടങ്കരി തുടർ പ്രവർത്തനങ്ങൾ നല്ലരീതിയിൽ ഏർപ്പാടാക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിരേഖപ്പെടുത്തി.

## അനുബന്ധം 1

# 1984–ൽ കേരള ഗവൺമെന്റ് രൂപീകരിച്ച പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭിക്കാനുള്ള കൃഷി ഓഫീസർക്ക് നല്കേണ്ട് മാതൃക:-

# അപേക്ഷാഫോറം

1. കൃഷിക്കാരന്റെ പേരും മേൽവിലാസവും :
2. കൃഷിഭവന്റെ പേരും ജില്ലയുടെ പേരും :
3. കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പരോടു കൂടിയ, കരം, പാടം എന്നിവ പ്രത്യേകം പ്രത്യേകമായിനൽകണം (ഹെക്ടർ) :
   വില്ലേജ്, താലൂക്ക് എന്നിവയുടെ പേരു വിവരം :
4. കൃഷി ചെയ്യുന്ന വിളകളും ഓരോന്നിന്റെയും വിസ്തൃതിയും (ഹെക്ടർ) :
5. ഓരോ വിളയ്ക്കും ഉണ്ടായ കൃഷി ചെലവുകൾ :
6. ഓരോ വിളയ്ക്കും പ്രതീക്ഷിക്കുന്ന അറ്റാദായം :
7. കഴിഞ്ഞ 3 വർഷങ്ങളിൽ ഈ വിളകൾക്കു കിട്ടിയ ശരാശരി വിളവ് :
8. അപേക്ഷകന്റെ വാർഷിക വരുമാനം (കുടുംബവരുമാനം കാണിക്കണം) :
9. അപേക്ഷകൻ ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കാർഷിക കടം എടുത്തിട്ടുണ്ടെങ്കിൽ കടം വാങ്ങിയ സ്ഥാപനത്തിന്റെ പേരും തുകയും :
10. കൃഷിനാശം ഉണ്ടായ തീയതി :
11. എന്തുതരം പ്രകൃതിക്ഷോഭത്തിലാണ് കൃഷി നാശമുണ്ടായത് എന്ന വിവരങ്ങൾ :
12. കൃഷിനാശം ഉണ്ടായതിന്റെ വിവരങ്ങൾ വിളയുടെ പേരും വിസ്തീർണ്ണവും/ അല്ലെങ്കിൽ എണ്ണം. :

## സാക്ഷ്യപത്രം

മേൽകാണിച്ച എല്ലാവിവരങ്ങളും സത്യമാണ്. കാലാകാലങ്ങളിൽ നിയമങ്ങളിലുണ്ടായ മാറ്റങ്ങൾ അനുസരിച്ചുകൊള്ളാമെന്ന് ഇതിനാൽ ഞാൻ സമ്മതിച്ചു കൊള്ളുന്നു. അപേക്ഷയിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നു പിന്നീട് തെളിയുകയാണെങ്കിൽ അപ്രകാരം ഗവൺമെന്റിനുണ്ടായ എല്ലാ നഷ്ടങ്ങളും എന്നിൽ നിന്നും ഈടാക്കാൻ എനിക്ക് സമ്മതമാണ്. ഈയിനത്തിൽമറ്റെങ്ങുനിന്നും എനിക്ക് യാതൊരുവിധ സഹായങ്ങളും കിട്ടിയിട്ടില്ലാത്തതാകുന്നു.

സ്ഥലം :

തീയതി :

കൃഷിക്കാരന്റെ ഒപ്പ്

# കൃഷി ഓഫീസറുടെ / കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട്

(എ) സ്ഥലപരിശോധന നടത്തിയ തീയതി :

(ബി) അപേക്ഷകൻ കൃഷി ചെയ്യുന്ന വിളകളും ഓരോന്നിന്റെയും വിസ്തൃതിയും :

(സി) കൃഷിനാശം ഉണ്ടായ വിളകൾക്ക് കഴിഞ്ഞ :

3 വർഷങ്ങളിൽ കിട്ടിയിരുന്ന ശരാശരി വിളവ്

(ഡി) കൃഷിനാശത്തെപ്പറ്റിയുള്ള വിവരങ്ങൾ :

(നശിച്ച വിള, അവയുടെ വിസ്തൃതി അല്ലെങ്കിൽ എണ്ണം)

സഹായം കിട്ടാൻ അപേക്ഷകന് അർഹതയുണ്ടോ :

എങ്കിൽ എത്ര സഹായം നൽകേണ്ടതാണ് :

## സാക്ഷ്യപത്രം

ഞാൻ അപേക്ഷകന്റെ സ്ഥലത്തു ചെന്നു വേണ്ട പരിശോധനകൾ നടത്തിയിട്ടുള്ളതും മേൽകാണിച്ചിട്ടുള്ള വിവരങ്ങൾ സത്യമാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളതാകുന്നു.

കൃഷി ആഫീസർ/കൃഷി അസിസ്റ്റന്റ് ഒപ്പ്

## കൃഷി ഓഫീസറുടെ ശുപാർശ

ഞാൻ അപേക്ഷകന്റെ കൃഷി സ്ഥലം നേരിട്ടു പരിശോധിക്കുകയും അപേക്ഷയിൽ കാണിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ശരിയായിട്ടുള്ളതാണെന്നും ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളതാകുന്നു. ഈ അപേക്ഷയെ ..........................................................................................................നമ്പരായി ബന്ധപ്പെട്ട രജിസ്റ്ററിൽ (അനുബന്ധം III ) എഴുതി ചേർത്തിട്ടുള്ളതാകുന്നു.

അപേക്ഷകന് താഴെപ്പറയുന്ന സഹായങ്ങൾ നൽകാൻ ശുപാർശ ചെയ്യുന്നു.

(1)

(2)

(3)

കൃഷി ആഫീസറുടെ ഒപ്പ്

സ്ഥലം :

തീയതി :

# പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി
# അപേക്ഷാഫോറം

| | | | | |
|---|---|---|---|---|
| 1 | വില്ലേജ് | | | |
| 2 | അപേക്ഷകന്റെ പേര്<br>മേൽവിലാസം<br>ഫോൺ | | | |
| 3 | അപേക്ഷകന്റെ ജോലി | | | |
| 4 | ബാങ്ക് അക്കൗണ്ട് വിവരം<br>ബാങ്ക്<br>ബ്രാഞ്ച്<br>അക്കൗണ്ട് നമ്പർ<br>**I.F.S.C Code** | | | |
| 5 | കുടുംബാംഗങ്ങളുടെ വിവരം | പേര് | ബന്ധം | ജോലി |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| 6 | വീട് (സ്വന്തം/വാടക) | | | |
| 7 | വീടിന് നഷ്ടം സംഭവിച്ചിട്ടുണ്ടോ<br>ഉണ്ടെങ്കിൽ ഭാഗികം/പൂർണ്ണം | | | |
| 8 | വീട്ടിൽ വെള്ളം കയറിയിരുന്നോ<br>എത്ര ദിവസം | | | |
| 9 | രേഖകൾ നഷ്ടപ്പെട്ടിട്ടുണ്ടോ<br>ഏതെല്ലാം | | | |
| 10 | മറ്റ് നാശനഷ്ടങ്ങൾ | | | |
| | | | | |
| 11 | ആകെ ഉദ്ദേശം എത്ര രൂപയുടെ<br>നഷ്ടം സംഭവിച്ചിട്ടുണ്ട് | | | |
| 12 | ഏതെങ്കിലും ദുരിതാശ്വാസ | | | |
| | ക്യാംപിൽ താമസിച്ചിരുന്നോ | | | |
| | എവിടെ എത്ര ദിവസം | | | |
| 13 | ബന്ധു/അയൽ വീട്ടിലേക്ക് | | | |
| | താമസം മാറിയിരുന്നോ | | | |
| | എവിടെ എത്ര ദിവസം | | | |

മുകളിൽ കൊടുത്ത വിവരങ്ങൾ പരിപൂർണ്ണമായും ശരിയാണെന്നും തെറ്റാണെന്ന് കണ്ടെത്തുന്നപക്ഷം ഉണ്ടായേക്കാവുന്ന നടപടികൾക്ക് ഞാൻ മാത്രമാണ് ഉത്തരവാദി എന്നും ബോധിപ്പിക്കുന്നു.

സ്ഥലം :                      അപേക്ഷകന്റെ ഒപ്പ്

തീയതി :                      :

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

റേഷൻകാർഡ്, ആധാർ, തിരിച്ചറിയൽകാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ (അസൽ വില്ലേജ് ഓഫീസിൽ ഹാജരാക്കണം) സംഭവസ്ഥലത്തിന്റെ ഫോട്ടോഗ്രാഫ്.

## അനുബന്ധം 1

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള
# അപേക്ഷാഫോറം

1. അപേക്ഷകന്റെ പേരും മേൽവിലാസവും (വില്ലേജ്, താലൂക്ക്, ജില്ല സഹിതം) :
2. അത്യാഹിതം/അസുഖത്തിനിരയായ വ്യക്തിയും അപേക്ഷകനും തമ്മിലുള്ള ബന്ധം :
3. അത്യാഹിതം/അസുഖം സംഭവിച്ച ആൾ പ്രായപൂർത്തിയായ ആളോ/ അല്ലയോ :
4. അപേക്ഷകന്റെ വയസ്സും തൊഴിലും :
5. അത്യാഹിതത്തിന്റെ/ അസുഖത്തിന്റെ സ്വഭാവം (ആവശ്യമായ രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു) :
6. കുടുംബ വാർഷിക വരുമാനം :
7. ഇതിനുവേണ്ടി മുമ്പ് ഏതെങ്കിലും നഷ്ടപരിഹാരം/ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ വിശദവിവരം :

## സാക്ഷ്യപത്രം

മേൽ പ്രസ്താവിച്ചിട്ടുളഅള വസ്തുതകൾ സത്യമാണ്. മേൽ കാരണത്തിന്/ആവശ്യത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഞാൻ ഇതിനു മുമ്പ് സഹായമൊന്നും കൈപ്പറ്റിയിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : 　　　　　　　　അപേക്ഷകന്റെ പേരും ഒപ്പും

തീയതി :

## വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്

നമ്പർ : 　　　　　　　　വില്ലേജ് :

വില്ലേജ് ഓഫീസിർ : 　　　　　　　　തീയതി :

## തഹസിൽദാരുടെ അന്വേഷണ റിപ്പോർട്ട്

# കേരള സർക്കാരിന്റെ കൃഷി നഷ്ടപരുഹാരത്തിന്റെ നിരക്കുകൾ

Agriculture Departments Unit Cost of Assistance to Crops

## Comparirative Analysis of the Rates of Relief Assistance for Crop Loss due to natural calamities as per GO(MS)239/12 and GO(MS)194/2015

| Sl No. | Crop | Rate as per GO(MS) 239/12/ DMD dated 11/06/2012 | Rate as per GO(MS) 194/15/ DMD dated 20/05/2015 | Remarks | New Rates |
|---|---|---|---|---|---|
| 1 | Paddy (ha) | 10000 | 13500 | irrigated Rs.13500 /ha | |
| 2 | Coconut (per No.) | 700 | 102.8 | Perennial Rs.18000/ha | Rs.700 കായിച്ചതിന്<br>Rs.350 കായിക്കാത്ത |
| 3 | Banana (per No.) | 100 | 54 | irrigated Rs.13500 /ha | Rs.75 കുലയ്ക്കാത്ത വാഴ<br>Rs.100 കുലച്ച വാഴ |
| 4 | Rubber (per No.) | 300 | 36 | Perennial Rs.18000/ha | Rs.300 tapped<br>Rs.200 not tapped |
| 5 | Cashew (per No.) | 150 | 102.8 | Perennial Rs.18000/ha | Rs.150 കായിച്ചതിന്<br>Rs.100 കായിയ്ക്കാത്തത് |
| 6 | Arecanut (per No.) | 150 | 13.3 | Perennial Rs.18000/ha | Rs.150 കായിച്ചതിന്<br>Rs.100 കായിയ്ക്കാത്തത് |
| 7 | Cocoa (per No.) | 100 | 36 | Perennial Rs.18000/ha | Rs.100 per one |
| 8 | Coffee (per No.) | 100 | 18 | Perennial Rs.18000/ha | Rs.100 കായിച്ചതിന് |
| 9 | Pepper (per No.) | 75 | 18 | Perennial Rs.18000/ha | Rs.75/one |
| 10 | Ginger (for 10 cent) | 150 | 272 | Rainfed Rs. 6800/ha | |
| 11 | Turmeric (for 10 cent) | 120 | 272 | Rainfed Rs. 6800/ha | |
| 12 | Tapioca (for 25 cent) | 150 | 680 | Rainfed Rs. 6800/ha | |
| 13 | Groundnut (ha) | 2000 | 6800 | Rainfed Rs. 6800/ha | |
| 14 | Sesamum(ha) | 1200 | 6800 | Rainfed Rs. 6800/ha | |
| 15 | Vegetables (for 10 cent) | 200 | 540 | irrigated Rs.13500 /ha | |
| 16 | Nutmeg (per No.) | 400 | 120 | Perennial Rs.18000/ha | |
| 17 | Clove. (per No.) | 200 | 90 | Perennial Rs.18000/ha | |
| 18 | Cadamom(ha) | 2500 | 18000 | Perennial Rs.18000/ha | |

## ദുരന്തനിവാരണ (എ) വകുപ്പ് – മഴക്കെടുതി – സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

# ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ. (കൈ) നം. 13/2018/ ദു. നി.വ. തിരുവനന്തപുരം, തീയതി, 16/08/2018

## (പ്രസക്ത ഭാഗങ്ങൾ മാത്രം നൽകുന്നു)

1. രണ്ട് ദിവസത്തിലധികം വെള്ളം കെട്ടിനിൽക്കുക, മണ്ണിടിച്ചിൽ തുടങ്ങിയ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായ ഓരോ കുടുംബത്തിനും ഒറ്റപ്രാവശ്യത്തെ ആശ്വാസ ധനസഹായമായി 10,000/- രൂപ (എസ്.ഡി.ആർ.എഫ്-ൽ നിന്നുള്ള 3,800/- രൂപയ്ക്ക് പുറമേ സി.എം.ഡി.ആർ.എഫ്-ൽ നിന്ന് 6,200/- രൂപ) നിരക്കിൽ നൽകേണ്ടതാണ്. (നടപടി - റവന്യൂ/ ദുരന്ത നിവാരണം/ ഡി.ആർ.എഫ്. വകുപ്പുകൾ)

2. പൂർണ്ണമായും തകർന്നതോ പൂർണ്ണമായും വാസയോഗ്യമല്ലാതാവുകയോ ചെയ്ത വീട് ഒന്നിനു 4 ലക്ഷം രൂപയും, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഇതിനു പുറമേ 3 മുതൽ 5 വരെ സെന്റ് സ്ഥലം വാങ്ങുന്നതിനായി പരമാവധി 6 ലക്ഷം രൂപയും പരാമർശം 1 ഉം 2ഉം ഉത്തരവിൽ നിഷ്ക്കർഷിക്കുന്ന, നിലവിലുള്ള മാനദണ്ഡപ്രകാരം നൽകേണ്ടതാണ്. (നടപടി-ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും)

3. കാലവർഷക്കെടുതിയിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകേണ്ടതാണ്. (നടപടി-ഡി.ആർ.എഫ്./മത്സ്യബന്ധനം/ധനകാര്യം വകുപ്പുകൾ)

4. നഷ്ടപ്പെട്ട രേഖകൾ നൽകുന്നതിന് ഒരു തരത്തിലുള്ള കാലതാമസം വരാതെയും ഫീസ് ഈടാക്കാതെയും സമയബന്ധിതമായി നൽകുന്നതിന് അദാലത്തുകൾ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. രേഖകൾ നൽകുന്നതിനു 2018 സെപ്തംബർ 30 വരെ സമയം അനുവദിക്കുന്നതാണ്. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ജില്ലയിൽ ചുമതലയുള്ള മന്ത്രിമാരെയും ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥനെയും പ്രത്യേകം ചുമതലപ്പെടുത്തുന്നു. (മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും ലിസ്റ്റ്- അനുബന്ധം 2-ൽ ചേർക്കുന്നു) സെപ്തംബർ 3 മുതൽ 15 വരെയുള്ള തീയതികളിൽ ഈ അദാലത്തുകൾ നടത്തേണ്ടതും രേഖകൾക്കുള്ള അപേക്ഷകൾ അക്ഷയകേന്ദ്രങ്ങൾ വഴി സൗജന്യമായി സ്വീകരിക്കേണ്ടതുമാണ്. അക്ഷയ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കേണ്ട ഫീസ് സർക്കാർ നൽകുന്നതാണ്. (നടപടി-തദ്ദേശ സ്വയംഭരണ വകുപ്പ്)

5. കാലവർഷക്കെടുതിയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായവ മൂലം സാരമായി പരിക്കേറ്റവർക്ക് സൗജന്യ ചികിത്സ നൽകുന്നതാണ്. ഇതിനുള്ള നടപടികൾ അതാത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്. (നടപടി-എല്ലാ ജില്ലാ കളക്ടർമാർക്കും/ആരോഗ്യ വകുപ്പ്)

# Extracts from CM's Press Release on 30-8-2018 (collected from the www.kerala.gov.in)

പ്രളയത്തില് എല്ലാം നഷ്ടപ്പെട്ട ചെറുകിട കച്ചവടക്കാരെ സഹായിക്കുന്നതിന് വായ്പാ പദ്ധതി നടപ്പാക്കാന് തീരുമാനിച്ചു. കച്ചവടക്കാർക്ക് പത്തു ലക്ഷം രൂപ വരെ ബാങ്കകളില് നിന്ന് വായ്പ ലഭ്യമാക്കുന്നതാണ്. സ്വയംസഹായ സംഘങ്ങള്, കുടുംബശ്രീ എന്നിവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ തീരുമാനിച്ചു.

പ്രളയത്തിന് വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ബാങ്കുകളില് നിന്ന് വായ്പ ലഭ്യമാക്കും. വായ്പയുടെ പലശി സർക്കാർ വഹിക്കും. വായ്പയുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിന് കുടുംബശ്രീ വഴിയായിരിക്കും. വായ്പ നല്കുക. ഇതിനായി സംസ്ഥാന സർക്കാർ ബാങ്കുകളുടെ കൺസ്...... കരാർ ഉണ്ടാക്കുന്നതാണ്.

# Extracts from CM's Press Release on 31-8-2018

## രേഖകള് വീണ്ടെടുക്കാൻ സർക്കാർ സംവിധാനം

പ്രളയക്കെടുതിയിൽ ആധാർ കാർഡ്, റേഷൻ കാർഡ് തുടങ്ങിയ പ്രധാന രേഖകളും സർട്ടിഫിക്കറ്റുകളും നഷ്ടപ്പെട്ടവർക്ക് ഒരോറ്റ കേന്ദ്രത്തിൽ നിന്ന് ഇവ നൽകാൻ സംവിധാനം സർക്കാർ ഒരുക്കമെന്ന് മുഖ്യമന്ത്രി പിണറായി വിജയ് അറിയിച്ചു. വിവരസാങ്കേതികവിദ്യാ വകുപ്പ് മറ്റു വകുപ്പുകളുമായി സഹകരിച്ചു നടപ്പാക്കുന്ന പദ്ധതി നിർവഹണത്തിനുള്ള സോഫ്റ്റെവയർ ധൃതഗതിയിൽ തയാറാക്കുകയാണ്.

രേഖ നഷ്ട്പെട്ടയാളുടെ പേര്, മേൽവിലാസം, പിൻകോഡ്, വയസ്, പോൺനമ്പർ, വിരലടയാളം പോലുള്ള ബയോമെട്രിക് വിവരങ്ങള് തുടങ്ങിയവ ഉപയോഗിച്ച് പ്രധാനരേഖകൾ സർക്കാരിന്റെ വിവിധ സംവിധാനങ്ങളിൽനിന്ന് വീണ്ടെടുക്കാനുള്ള പദ്ധതിയാണ് വികസിപ്പിക്കുന്നത്. പേരിലും മറ്റും അന്തരം ഉണ്ടെങ്കിലും കണ്ടുപിക്കാൻ കഴിയുന്ന രീതിയിലാണ് സംവിധാനത്തിന്റെ രൂപകല്പന.

സെപ്റ്റംബർ ആദ്യവാരംമുതല് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന അദാലത്തുകൾവഴി പൗരന്റെ നഷ്ടപ്പെട്ട രേഖകൾ വീണ്ടെടൈടുത്ത് വിതരണം ചെയ്യാനാണ് ഉദ്ദേശ്യം. പ്രാരംഭമായി എല്ലാ സർക്കാർ വകുപ്പുകളും അവരുടെ ഡാറ്റബേസുകൾ വിവര സാങ്കേതികവിദ്യാവകുപ്പുമായി പങ്കുവയ്ക്കാനുള്ള നിർദ്ദേശിച്ചിട്ടുണ്ട്. പരീക്ഷാടിസ്ഥാനത്തിലുള്ള പ്രവർത്തനം ഈ മാസം 30ന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് വാർഡിൽ നടക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

### കൃഷിനാശം ... അടിയന്തിര നഷ്ടപരിഹാരത്തിന് കൃഷിമന്ത്രിയുടെ നിർദ്ദേശം

പ്രളയ കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകരോട് കരംഅടച്ച രസീത്, ഫോട്ടോ മുതലായ അനുബന്ധരേഖകൾ ആവശ്യപ്പെടരുതെന്നും യഥാർത്ഥ നഷ്ടം വിലയിരുത്തി ഇത്തവണത്തേക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ കൃഷി അഡ്വ. വി.എസ്. സുനിൽകുമാർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി.

## പ്രളയക്കെടുതി നേരിട്ട സ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ ജനങ്ങൾ ജാഗ്രത പാലിക്കണം.

പ്രളയക്കെടുതി നേരിട്ട പ്രദേശിങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ പൊതുജനങ്ങള് ജാഗ്രത പാലിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടർ അറിയിച്ചു.

പുരയിടങ്ങളിലേക്ക് പ്രവേശിക്കുന്നതിനു മുമ്പായി സ്ഥല്ത് വൈദ്യതുബന്ധം ഉണ്ടോ ഇല്ലയോ എന്നു ഉറപ്പു വരുത്തണം. ഒരാള് മാത്രമായി സ്ഥാപനങ്ങളിൽ .... വീടുകളിൽ എന്നിവിടങ്ങളിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട കാര്യങ്ങള് ചെയാൻ ശ്രമിക്കരുത്. പുരയിടത്തിലേക്ക് കടക്കുന്നതിനു മുമ്പായി വീട്... സ്ഥാപനത്തിലേക്കുള്ള വൈദ്യുത ലൈന്... സർവ്വീസ് വയർ എന്നിവ പൊട്ടിവീണിട്ടുണ്ടൊയെന്ന് ഉറപ്പുവരുത്തണം.  ചുറ്റുവട്ടത്ത് വൈദ്യുതി ഉണ്ടെങ്കിൾ പ്രസ്തുത ലൈൻ... സർവ്വീസ് വയർ ഓഫ് ചെയ്തു എന്ന് ഉറപ്പുവരുത്താതെ അതിനടുത്തേക്ക് പോവുകയോ സ്പർശിക്കുകയോ ചെയ്യരുത്. ലൈനുകള് പൊട്ടിക്കിടക്കുന്നതോ താഴ്ന്നുകിടക്കുന്നതോ ആയി ശ്രദ്ധയിൽപ്പെട്ടാൽ 9496061061 എന്ന ഹെൽപ്പലൈനിൽ ബന്ധപ്പെടണം. ഏതെങ്കിലും സ്വിച്ച് ബോർഡോ എക്സ്റ്റൻഷന് ബോർഡോ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം അതിന്റെ സമീപത്ത് പോകരുത്.

നനവില്ലാത്ത ചെറുപ്പ് ധരിച്ച് മാത്രമേ സ്വിച്ചുകൾ ഓണാക്കാവൂ. പൊട്ടിക്കിടക്കുന്ന എർത്ത് കമ്പിയിൽ സ്പർശിക്കാൻ പാടില്ല. ഇ.എൽ.സി.ബി. പ്രവർത്തനക്ഷമമാണോയെന്ന് അറിയാൻ അതിൻരെ ടെസ്റ്റ്ബട്ടൻ അമർത്തി ട്രിപ്പ് ആകുന്നുണ്ടോയെന്ന് നോക്കണം. ഒരു കാരണവശാലും ഇ.എൽ.സി.ബി ബൈപാസ് ചെയ്ത് വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കരുത്. വീട്ടിലെ പ്ലഗ്ഗിൽ ഘടിപ്പിച്ചിരിക്കുന്ന എല്ലാ ഉപകരണങ്ങളും അഴിച്ചു മാറ്റണം. ഏതെങ്കിലും ഉപകരണം നനഞ്ഞതായോ വെള്ളം കയറിയതായോ കാണുകയാണെങ്കിൽ ആ ഉപകരണം ഉപയോഗിക്കരുത്. ഇ.എൽ.സി.ബി. പ്രവർത്തനക്ഷമമാണെങ്കിൽ ഓരോരോ എം.സി.ബി. ഓൺ ചെയ്യാം. എ.എൽ.സി.ബിയോ എം.സി.ബിയോ ട്രിപ്പ് ആകുന്ന പക്ഷം ഉപകരണങ്ങൾ സ്വയം ഓൺ ആക്കാൻ ശ്രമിക്കരുത്. കൈകൊണ്ട് സ്പർശിക്കാതെ വേണം എൻജിൻമീറ്ററിനു കേടുപാടുണ്ടോയെന്നും കത്തിയിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടത്. ഇൻവർട്ടകൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കരത്

വൈദ്യുതി സംബന്ധമായ സഹാത്തിന് കെ.എസ്.ഇ.ബി.എൽ..... ഇലക്ട്രിക്കൽ ഇൻസ്പക്ടറുമായി ബന്ധപ്പെടേണ്ടതാണ്. ജോയിന്റുള്ള പ്ലാസ്റ്റിക് വയർ ഉപയോഗിച്ച് താൽകാലിക വയറിംഗ് നടത്തരുത്. വീട്ടിലെ വയറിംഗ് സംബന്ധമായി തകരാറുകൾ പരിശോധിക്കുന്നതിനായി വയർമാൻമാരുടെ സൗജന്യ സേവനത്തിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ ബന്ധപ്പെടാം. ശക്തമായ സൂര്യപ്രകാശം ഉള്ളപ്പോൾ സോളാർ പ്രതിഷ്ഠാപനങ്ങളുമായി സർക്കം പുലർത്തരുത്. സ്വിച്ച് പ്രവർത്തിക്കുമ്പോൾ മറുകൈ ഭിത്തിയിലോ മറ്റോ തൊടാതിരിക്കാൻ ശ്രദ്ധിക്കണം. പാചകവാതകം, മറ്റു വാതക സാന്നിദ്ധ്യം എന്നിവ അനുഭവപ്പെടുകയാണെങ്കിൽ സ്വിച്ചുകളോ മറ്റി വൈദ്യുത ഉപകരണങ്ങളോ പ്രവർത്തിപ്പിക്കരുത്. വൈദ്യുതി പുനഃസ്ഥാപിക്കുന്ന ജോലിയൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സഹകരിക്കണം. ഏതെങ്കിലും സ്വിച്ച് ബോർഡോ കേടായ ഉപകരണങ്ങളോ സ്വയം റിപ്പയർ ചെയ്യരുത്. എന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു.

കൂടുതൽ പത്രക്കുറിപ്പുകൾ സന്ദർശിക്കുക. : www.prd.kerala.gov.in

## ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ചാസ്)

## വെള്ളപ്പൊക്കംമൂലം കുട്ടനാടൻ മേഖലയിൽ ഉണ്ടായ നാശ നഷ്ടങ്ങളുടെ വിവരശേഖരണം

# കൃഷിയും അനുബന്ധ മേഖലകളും

ജില്ല :........................................................ പഞ്ചായത്ത് :................................................ ചാസ് മേഖല :..............................................

താലൂക്ക്:.................................................... വില്ലേജ്:........................................................ യൂണിറ്റ് :........................................................

ബ്ലോക്ക് :.................................................... വാർഡ് : ......................................................

| പേര്, മേൽവിലാസം | കുടിവെള്ള ലഭ്യത (ബാധകമായ നമ്പർ രേഖപ്പെടുത്തുക) | വീട് | | | | കക്കൂസ് | വീട്ടുപകരണങ്ങൾ |
|---|---|---|---|---|---|---|---|
| | 1. (പൈപ്പ്) 2. (ടാങ്ക്) 3. (കിണർ) 4. (ഇല്ല) | പൂർണ്ണമായ നഷ്ടം | തുക | ഭാഗികമായ നഷ്ടം | തുക | നഷ്ടം തുക | നഷ്ടം തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

Contd......2

| പേര്, മേൽവിലാസം | നെല്ല് | | വാഴ | | കിഴങ്ങ് വർഗ്ഗം | | പച്ചക്കറികൾ | | വളർത്തുമൃഗങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|---|
| | ഏക്കർ | നഷ്ടം സെന്റ് | എണ്ണം തുക | നഷ്ടം | എണ്ണം തുക | നഷ്ടം | ഇനം തുക | നഷ്ടം | ഇനം തുക | എണ്ണം | നഷ്ടം തുക |
| 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

സ്ഥലം ......................  യൂണിറ്റ് സെക്രട്ടറി  യൂണിറ്റ് പ്രസിഡന്റ്  യൂണിറ്റ് ഡയറക്ടർ/വീകാരി

തീയതി ......................  ഒപ്പ്  ഒപ്പ്  ഒപ്പ്

NB:കൂടുതൽ അംഗങ്ങളുടെ പേര് ചേർക്കണ്ടിവരുമ്പോൾ അഡീഷനൽ ഷീറ്റിൽ സൂചന നമ്പർ നല്കി വിവരങ്ങൾ രേഖപ്പെടുത്തുക

**ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ചാസ്)**

പി.ബി. നമ്പർ 20, ആർച്ചുബിഷപ്പ്സ് ഹൗസ്, ചങ്ങനാശ്ശേരി-686 101

# പ്രളയ ദുരന്താനന്തരം കുട്ടനാടൻ മേഖലയിൽ സഹായം ലഭിക്കുന്നതിന് അർഹതപ്പെട്ട കുടുംബങ്ങളുടെ പേരുവിവരം

## മാനദണ്ഡങ്ങൾ

1. വിധവകളോ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകളോ, അവിവാഹിതരായ അമ്മമാരോ കുടുംബനാഥയായിട്ടുള്ള വീടുകൾ.
2. കിടപ്പുരോഗികൾ/കാൻസർ, കിഡ്നി സംബന്ധമായരോഗങ്ങൾ, ഹൃദ്രോഗം എന്നിവയാൽ ക്ലേശിക്കുന്നവർ അംഗങ്ങളായ കുടുംബങ്ങൾ.
3. ഭിന്നശേഷിക്കാർ അംഗങ്ങളായുള്ള വീടുകൾ.
4. വരുമാനദായകന് ജോലിചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന കുടുംബങ്ങൾ.
5. നാലോ അതിൽ കൂടുതലോ, 18 വയസ്സിനു താഴെപ്രായമുള്ള മക്കളുള്ള കുടുംബങ്ങൾ.
6. സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത കുടുംബങ്ങൾ.
7. മൂന്നോ അതിൽ കൂടുതലോ പെൺമക്കൾ മാത്രമുള്ള കുടുംബനാഥന് സ്ഥിരമായ വരുമാനമില്ലാത്ത കുടുംബം.
8. സ്ഥിരമായ വരുമാന സ്രോതസ്സുകൾ ഇല്ലാത്ത/നഷ്ടപ്പെട്ട കുടുംബങ്ങൾ.

**NB: ഇവയിൽ 5 എണ്ണം എങ്കിലും ബാധകമായിരിക്കുന്ന കുടുംബങ്ങളെ ഏറ്റവും അർഹതയുള്ളവരായി പരിഗണിക്കാവുന്നതാണ്.**

ജില്ല .................... താലൂക്ക് .................... ബ്ലോക്ക് ....................

പഞ്ചായത്ത്.................... യൂണിറ്റ് (ഇടവക) ....................

| കുടുംബ നാഥൻ/ നാഥയുടെ പേര് | വീട്ടുപേര് | കുടുംബനാഥന്റെ/ നാഥയുടെ ആധാർ നമ്പർ | കുടുംബാംഗങ്ങൾ | | മാനദണ്ഡങ്ങൾ ബാധകമായത് | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 18 വയസ്സിനു മേൽ പ്രായമുള്ള പു. / സ്ത്രീ | 18 വയസ്സിനു താഴെ പ്രായമുള്ള പു. / സ്ത്രീ | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

ചത്രം: * ബാധകമായ മാനദണ്ഡങ്ങളുടെ നമ്പരിന് താഴെ ☑ അടയാളം രേഖപ്പെടുത്തുക.
* ഫോം പൂരിപ്പിച്ച് സെപ്റ്റംബർ 7 ന് മുമ്പായി ചാസ് കേന്ദ്രഓഫീസിൽ എത്തിക്കേണ്ടതാണ്.

| കുടുംബ നാഥൻ/ നാഥയുടെ പേര് | വീട്ടുപേര് | കുടുംബനാഥന്റെ/ നാഥയുടെ ആധാർ നമ്പർ | കുടുംബാംഗങ്ങൾ | | മാനദണ്ഡങ്ങൾ ബാധകമായത് | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 18 വയസ്സിനു മേൽ പ്രായമുള്ള പു. / സ്ത്രീ | 18 വയസ്സിനു താഴെ പ്രായമുള്ള പു. / സ്ത്രീ | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

സ്ഥലം : ................................................

തീയതി : ................................................

പ്രസിഡന്റ്
ഒപ്പ്

സെക്രട്ടറി
ഒപ്പ്

ഡയറക്ടർ/വികാരി
ഒപ്പ്

## Panchayath Wise List of Parishes Affected

| Sl. No. | Name of Gram Panchayaths Flood Affected | Parishes Affected |
|---|---|---|
| 1 | **MUTTAR** | Kizhkke Mitrakary |
| 2 | | Mithrakary |
| 3 | | Muttar Old |
| 4 | | Muttar New |
| 5 | | Muttar CMI |
| 6A | | Puthukary |
| 7 | **EDATHUA** | Edathua |
| 8 | | Koilmukku |
| 9 | | Koduppunna |
| 10 | | Thayamkary |
| 11 | | Changamkary |
| 12 | | Mariyapuram |
| 13 | | Pandankary |
| 14 A | | Pachaheckidikadu |
| 14 B | **THAKAZHY** | PachaCheckidikadu |
| 15 | | Thakazhy |
| 16 | | Kelamangalam |
| 17 | | Karumady |
| 18 | | Padaharam |
| 19 | **KARUVATTA** | Karuvatta |
| 20 | **AMBALAPPUZHA** | Ambalappuzha |
| 21 | **PAIPADU** | Mahendrapuram |
| 22 | **CHERUTHANA** | Pandy |
| 23 | **PULINCUNNU** | Pulinkunnu |
| 24 | | Kannady St Ritas |
| 25 | | Kannady St Joseph |
| 26 | | Kayalpuram St Joseph |
| 27 | **PULINCUNNU** | Kayalpuram St Antony |
| 28 | | Mancombu Pius Xth |
| 29 A | | Kavalam St Theresa |
| 29 B | **KAVALAM** | Kavalam St Theresa |
| 30 | | Veliyanadu N |
| 31 | | Kavalam Liseux |
| 32 | | Kavalam St Joseph |

## Panchayath Wise List of Parishes Affected

| Sl. No. | Name of Gram Panchayaths Flood Affected | Parishes Affected |
|---|---|---|
| 33 | **VELIYANADU** | Veliyanadu S |
| 34 | | Kidangara |
| 35 | | Kumaramkary |
| 36 | | Pulimugam |
| 37 | **NEELAMPEROOR** | Eara |
| 38 | | Kainady |
| 39 | | Payattupakka |
| | | (continued) |
| 40 | | Cherukara |
| 41 | **KAINAKARY** | Kainakary |
| 42 | | Pallathuruthy |
| 43 | | Arunootinpadam |
| 44 | | Kuttamangalam |
| 45 | | Chennamkary |
| 46 | | Thottuvathala |
| 47 | **NEDUMUDY** | Narbonapuram |
| 48 | | Ponga |
| 49 | | Chennamkary |
| 50 | | Kondakkal |
| 51 | | Vysumbhagam |
| 52A | | Champakulam |
| 52B | **CHAMPAKULAM** | Champakulam |
| 53 | | Nazrathu |
| 54 | | Onnamkara |
| 55 | | Kandankary |
| 56 | | Pullangady |
| 57 | | Vadake Amichakary |
| 58 | | Thekkekara |
| 59A | | Punnakunnam |
| 59B | **RAMANKARY** | Punnakunnam |
| 60 | | Ramankary |
| 61 | | Mampuzhakary |
| 62 | | Manalady |
| 63 | | Pallikoottumma |

# Panchayath Wise List of Parishes Affected

| Sl. No. | Name of Gram Panchayaths Flood Affected | Parishes Affected |
|---|---|---|
| 64 | **RAMANKARY** | Vezhapra |
| 6 B | | Puthukary |
| 65 | **ALAPUZHA MUNICIPALITY** | Pazhavangady |
| 66 | | Thathampally |
| 67 | | Punnamada |
| 68 | | Poonthop |
| 69 | | Puthenagady |
| 70 | **MUHAMMA** | Muhamma |
| 71 | **ARYAD** | Aryad |
| 72 | **PURAKKAD** | Purakkad |
| 73 | **CHANGANACHERRY MUNICIPALITY** | Vettithurith |
| 74 | | Puzhavath |
| 75 | | Manackachira |
| 76 | **VAZHAPPALLY** | Paral |
| 77 | | Parekadavu |
| 78 | **ARPOOKARA** | Kudamaloor |
| 79 | | Villoonny |
| 80 | | Cherupushpam |
| 81 | | Cheepunkal |
| 82 A | | Arpookara |
| 83 A | | Aikkarchia |
| 82 B | **AYMANAM** | Arpookara |
| 83 B | | Aikkarachira |
| 84 | | Cheepumkal |
| 85 | | Kudamaloor |
| 86 | **KOTTAYAM MUNCIPALITY** | Kumaranalloor |
| 87 | | Kudamaloor |
| 88A | | Parampuzha |
| 88B | **ETTUMANOOR MUNCIPALITY** | Parampuzha |
| 89 | **KUMARAKAM** | Kumarakam Nava Nazrath |
| 90 | | Kumarakam Vadakumkara |
| 91 | **THIRUVARPPU** | Kiliroor |
| 92 | | Chengalam |

# കുട്ടനാടിനു ചങ്ങനാശേരി അതിരൂപതയുടെ 100 കോടി

**1,000 വീടുകൾ പുനർനിർമിക്കും, ആയിരം മഴവെള്ള സംഭരണികൾ, ആയിരം ടോയ്‌ലറ്റുകൾ**

**ചങ്ങനാശേരി:** മഹാപ്രളയത്തിൽ കനത്ത നാശനഷ്ടം നേരിട്ട കുട്ടനാടൻ ജനതയെ കൈപിടിച്ചുയർത്താൻ 100 കോടിയുടെ പദ്ധതിയുമായി ചങ്ങനാശേരി അതിരൂപത. ആയിരം വീടുകളുടെ പുനർനിർമാണമാണ് പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നതെന്ന് അതിരൂപത കേന്ദ്രത്തിൽ നടന്ന പത്രസമ്മേളനത്തിൽ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അറിയിച്ചു. ആയിരം മഴവെള്ള സംഭരണികൾ, 100 ജലശുദ്ധീകരണ പ്ലാന്റുകൾ, വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ പര്യാപ്തമായ ആയിരം ടോയ്‌ലറ്റുകൾ, ഗാർഹിക മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവയും പദ്ധതിയുടെ ഭാഗമായി നടപ്പാക്കും. കുട്ടനാട്ടിലെ തൊണ്ണൂറ് ഇടവകകളുടെ പരിധിയിൽ വരുന്ന അർഹതപ്പെട്ട നാനാജാതി മതസ്ഥരായ ആളുകൾക്കായാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ നവകേരളം പദ്ധതിയോടു സഹകരിച്ചാണു നടപ്പിലാക്കുന്നതെന്നും ആർച്ച്ബിഷപ് പറഞ്ഞു.

അതിരൂപതയിലെ മുഴുവൻ ഇടവകകളുടെയും സന്യാസിനി- സന്യാസ സഭകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും അഭ്യുദയകാംക്ഷികളുടെയും ഇതര രൂപതകളുടെയും സഹകരണത്തോടെയുമാണ് പദ്ധതി. അതിരൂപതയുടെ സാമൂഹികക്ഷേമ വിഭാഗമായ ചാസിന്റെ നേതൃത്വത്തിൽ മൂന്നു വർഷംകൊണ്ടു പദ്ധതി പൂർത്തീകരിക്കും. ഏകോപനത്തിനായി അതിരൂപത കേന്ദ്രത്തിൽ ഉടൻ ഓഫീസ് തുറക്കും. പ്രളയദുരിത ബാധിതർക്കായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ആശ്വാസകരമാണെന്നും കാര്യക്ഷമമായി നടപ്പാക്കണമെന്നും ആർച്ച്ബിഷപ് അഭിപ്രായപ്പെട്ടു. അതിരൂപത ആവിഷ്കരിച്ച പദ്ധതി സംബന്ധിച്ച കാര്യങ്ങൾ മുഖ്യമന്ത്രിയെ നേരിൽകണ്ട് അറിയിക്കും- അദ്ദേഹം പറഞ്ഞു.

വികാരി ജനറാൾ മോൺ. ജോസഫ് മുണ്ടകത്തിൽ, അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഫിലിപ്പ് തയ്യിൽ, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പിആർ-ജാഗ്രതാസമിതി കോ-ഓർഡിനേറ്റർ ഫാ. ആന്റണി തലച്ചെല്ലൂർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.